പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5641 5/07/2013 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പാഠപുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും എന്നത്തേക്ക് എത്തിക്കുവാൻ സാധിക്കുമെന്ന വ്യക്തമാക്കാമോ ; | (എ) ഒന്നാം ഘട്ടത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും വിതരണം ചെയ്തുകഴിഞ്ഞു. |
| ബി) എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ടെക്സ്റ്റ്ബുക്ക് ഡിപ്പോ പ്രവർത്തിക്കുന്നുണ്ടോ ; | (ബി) ഇല്ല. പുതുതായി ആരംഭിച്ച കുട്ടനാട്, കടുത്തുരുത്തി, വണ്ടൂർ, താമരശ്ശേരി എന്നീ വിദ്യാഭ്യാസ ജില്ലകളിൽ ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ ഇല്ല. |
| സി) ഇല്ലെങ്കിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ടെക്സ്റ്റ് ബുക്ക് ഡിപ്പോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പാഠപുസ്തക ഡിപ്പോകൾ വഴിയല്ല നിലവിൽ വിതരണം നടക്കുന്നത്. അച്ചടിശാലയായ കെ.ബി.പി.എസ് ജില്ലയിൽ ഓരോ കേന്ദ്രങ്ങളിൽ പുസ്തകം ശേഖരിച്ചശേഷം അവിടെ നിന്നും സ്കൂളുകൾക്ക് നൽകുകയാണ് ചെയ്യുന്നത്. ഇതിനായി പാഠപുസ്തക ഡിപ്പോകളുടെ ഗോഡൗണുകളാണ് കെ.ബി.പി.എസ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ റവന്യൂ ജില്ലാതലത്തിൽ 14 ഡിപ്പോകൾ കെ.ബി.പി.എസ് ഇപ്പോൾ ഉപയോഗിക്കുകയാണ്. ടി സാഹചര്യത്തിൽ നിലവിൽ പുതിയ ഡിപ്പോകൾ ആരംഭിക്കേണ്ട ആവശ്യം ഇല്ല. |

സെക്ഷൻ ഓഫീസർ